# ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്

**സിനഡ് സെക്രട്ടറിയറ്റ്, സെന്റ് തോമസ് കമ്യൂണിറ്റി, തിരുവല്ല, കേരളം, ഇൻഡ്യ**

## ഇടയലേഖനം

January 2024

**നമ്മുടെ അധികാരത്തിൽപ്പെട്ട മേൽപ്പട്ടക്കാരും, വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരും, സഭാപ്രതിനിധി അംഗങ്ങളും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.**

**പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ അനുഗ്രഹങ്ങളും വാഴ്വുകളും.**

കർത്താവിൽ എനിക്ക് വാത്സല്യമുള്ളവരേ,

പരിശുദ്ധ സഭയുടെ ഏറ്റവും സുപ്രധാനമായ ഒരു കാലത്തിലേക്ക് നാം അടുക്കുമ്പോൾ നിങ്ങൾക്ക് എഴുതുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. 2024-ലെ പരിശുദ്ധ നോമ്പുകാലം ഫെബ്രുവരി 11 മുതൽ മാർച്ച് 31 വരെയാണല്ലോ.

ഈ കാലം ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും സമയമായി നാം ആചരിക്കുകയും നമ്മുടെ കർത്താവായ യേശുവിന്റെ മരണത്തെയും, കബറടക്കത്തെയും, പുനരുത്ഥാനത്തെയും അനുസ്മരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിലും, പരിശുദ്ധ സഭയുടെ സജീവ അംഗങ്ങൾ എന്ന നിലയിലും വളരെ അനുയോജ്യമായ രീതിയിൽ കർത്താവിന്റെ പുനരുത്ഥാന പെരുന്നാളിനെ (ഈസ്റ്റർ) ആചരിക്കുവാൻ ഈ കാലത്തിൽ നാം കാത്തിരിക്കുന്നു. അതോടൊപ്പം ഈ കാലഘട്ടം നാം നമ്മുടെ ജീവിതത്തിലെ ഓട്ടത്തിന്റെ വേഗത കുറയ്ക്കുവാനും, അല്പം ഒന്ന് നിന്ന് സ്വയം ജീവിതത്തെ പരിശോധിക്കുവാനും സ്വയം നവീകരിക്കുവാനും ഉപയോഗിക്കണം. ഇതുകൂടാതെ, പരിശുദ്ധ സഭയിലെ എല്ലാ വിശ്വാസ സമൂഹത്തിനുംവേണ്ടിയുള്ള മൂന്ന് നോമ്പുകാല അടിസ്ഥാന തൂണുകൾ നിങ്ങളോട് പറയുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്.

**പ്രാർത്ഥന:** ഈ നോമ്പുകാലത്ത് നാം വിളിക്കപ്പെട്ടിരിക്കുന്നത് പ്രാർത്ഥിക്കുവാനാണ്. നാം എത്രത്തോളം പ്രാർത്ഥിക്കുന്നുവോ അത്രമാത്രം സ്വർഗ്ഗത്തിലെന്നപോലെ നമ്മുടെ ജീവിതത്തിൽ ദൈവഹിതം നിറവേറ്റപ്പെടുന്നതിനായി നാം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കും. നാം നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുവാൻ കർത്താവിനോട് പ്രാർത്ഥിക്കുകയും അവന്റെ കരുണയ്ക്കായി യാചിക്കുകയും ചെയ്യുമ്പോൾ ദൈനംദിന ജീവിതത്തിൽ നാം കർത്താവിനെപ്പോലെയാകുകയും നീതിയുള്ള ഫലങ്ങൾ വഹിക്കുകയും ചെയ്യുന്നവരാകും.

**ഉപവാസം:** ഉപവാസമെന്നത് ഭക്ഷണം വെടിയുന്നത് മാത്രമല്ല, പാപകരമായ ശീലങ്ങളിൽ നിന്നും നാം ഉപവസിക്കണം. നമ്മുടെ ഇഷ്ടങ്ങൾക്ക് കീഴടങ്ങിപ്പോകാതെ ദൈവത്തിന്റെ കരുണയിലൂടെയും, കൃപയിലൂടെയും നാം ദൈവസ്വഭാവത്തോട് അനുരൂപരാകുവാൻ ശ്രമിക്കണം. ചില ഭക്ഷണങ്ങൾ നാം ഉപേക്ഷിക്കുന്നതുപോലെ നിഷേധാത്മക ചിന്തകളും, വാക്കുകളും, പ്രവർത്തികളും നാം ഒഴിവാക്കണം. നിങ്ങളുടെ ഭവനത്തെ പ്രാർത്ഥനയുടെയും ആത്മീയ വളർച്ചയെ പരിപോഷിപ്പിക്കുന്നതിന്റെയും ഒരു സങ്കേതമാക്കി മാറ്റണം.

**ദാനധർമ്മം:** യെശയ്യാവ് 58:7-ൽ പറയുന്നതുപോലെ ദരിദ്രരെയും പീഡിതരെയും കരുതുമ്പോഴാണ് ദൈവത്തിന് പ്രസാദമുള്ള ഉപവാസം നാം അനുഷ്ഠിക്കുന്നത്. നാം ഈ നോമ്പിൽ ഭക്ഷണത്തെ ഉപേക്ഷിക്കുമ്പോൾ ആ പണവും മറ്റ് വിഭവങ്ങളും ആവശ്യക്കാർക്ക് പങ്കിടുമ്പോഴാണ് ദൈവത്തെ

നാം പ്രസാദിപ്പിക്കുന്നത്. ഒരു കുടുംബം എന്ന നിലയിലും ഒരു ഇടവക എന്ന നിലയിലും ഈ നോമ്പിനെ നമുക്ക് അനുഷ്ഠിക്കാം.

വലിയനോമ്പ് ആചരിക്കുമ്പോൾ നാം ചെയ്യേണ്ട സുപ്രധാനമായ കാര്യങ്ങളാണ് വ്യക്തിപരമായി മറ്റുള്ളവരെ സഹായിക്കുക എന്നതും സഭയുടെ കൂട്ടായ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക എന്നതും. രണ്ട് കാര്യങ്ങളും തുല്യ പ്രാധാന്യമുള്ളതാണ്.

വ്യക്തിപരമായി നാം അച്ചടക്കത്തോടെ നോമ്പ് ആചരിക്കുകയും സ്വയം പരിശോധിക്കുകയും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും സമയം കണ്ടെത്തുകയും ചെയ്യുന്നതോടൊപ്പം ഇടവകയിൽ നടക്കുന്ന എല്ലാ നോമ്പുകാല ശുശ്രൂഷകളിലും പങ്കെടുക്കുകയും ചെയ്യണം. നാം ഈ യാത്രയിൽ തനിച്ചല്ല എന്നതാണ് ഇവിടെ ഏറ്റവും വലിയ സന്തോഷം. നമ്മുടെ ഇടവക തന്നെ ഒരു ആത്മീയ കുടുംബമായി മാറുകയും പരസ്പരം പിൻതുണയ്ക്കുകയും ഉയർത്തുകയും ചെയ്യുന്നതോടൊപ്പം ആ പങ്കുവെയ്ക്കലിലൂടെ നാം ശക്തിയും പ്രോത്സാഹനവും ലഭിച്ചവരായിത്തീരുകയും ചെയ്യുന്നു.

കൂടാതെ, താഴെപ്പറയുന്ന കാര്യങ്ങളിൽ കൂടുതൽ ഊന്നൽ നൽകണമെന്ന് ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

1. പരിശുദ്ധ സഭ നൽകിയിരിക്കുന്ന എല്ലാ നോമ്പുകാല ക്രമങ്ങളും ഉപയോഗിക്കുക. പരിശുദ്ധ സഭാ സിനഡിൽനിന്നും നിങ്ങൾക്ക് ദൈനംദിന തിരുവചന വായനാഭാഗങ്ങൾ, നോമ്പുകാല ധ്യാനം, ദൈനംദിന പ്രാർത്ഥനകൾ തുടങ്ങി നിരവധി ക്രമങ്ങളും വായനകളും അതോടൊപ്പം നോമ്പുകാല സന്ധ്യാനമസ്കാരക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിങ്ങളുടെ ആത്മീയ ജീവിതത്തിന്റെ സഹായത്തിനായി ഈ മഹത്തായ നാളുകളിലെ യാത്രയ്ക്ക് നൽകപ്പെടും.

2. വീടുകളിലെ പ്രാർത്ഥനാ അൾത്താര- നോമ്പുകാലം നാം അധികമായി പ്രാർത്ഥിക്കേണ്ട സമയമാണ്. അത് നമ്മുടെ വീടുകളിലും സംഭവിക്കണം. വീട്ടിലെ അൾത്താരയും പ്രാർത്ഥനയും മുടക്കം കൂടാതെ ഈ നോമ്പുകാലത്ത് ക്രമീകരിക്കുവാൻ നമുക്ക് സാധിക്കണം.

3. കർത്താവിന്റെ പ്രാർത്ഥന - ദൈവപുത്രനായ കർത്താവേശുമ്ശിഹായേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ! എന്ന പ്രാർത്ഥന ദിവസം മുഴുവനും നമുക്ക് ഉരുവിടുവാൻ കഴിയണം. നമ്മുടെ കൈവശം ഒരു 'പ്രെയർ റോപ്പ്' ഉണ്ടെങ്കിൽ ഈ പ്രാർത്ഥന കഴിയുന്നത്ര തവണ ഉരുവിടുക.

പരിശുദ്ധ സഭയുടെ ഈ ക്ഷണം നിങ്ങൾ അവഗണിക്കാതിരിക്കുവാൻ ഞാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുന്നു. നിങ്ങളുടെ ആത്മീയ പിതാവെന്ന നിലയിൽ ഈ യാത്രയിൽ ഞാനും നിങ്ങളോടൊപ്പം ചേരുന്നു. നമ്മുടെ കർത്താവിന്റെ അനുഗ്രഹങ്ങൾക്കായി നമുക്ക് ആത്മാർത്ഥമായി കാത്തിരിക്കാം. കർത്താവ് നമ്മോടൊപ്പമുണ്ട്. അവിടുന്ന് ഇന്നും എന്നേക്കും നമ്മോടൊപ്പം ഉണ്ടായിരിക്കും.

സിനഡ് സെക്രട്ടറിയേറ്റ്
തിരുവല്ല, കേരള
സെന്റ് തോമസ്ദിനം 2024

പരിശുദ്ധ സഭയിൽനിന്നും,

ക്രിസ്തുവിൽ നിങ്ങളുടെ പിതാവ്

+ Athanasius Yohan M

**✠ മോറാൻ മോർ അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പൊലീത്ത**

Copyright © BEC kerala shepherd letter